GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th September 2015

## ബ്ലോക്ക് പഞ്ചായത്ത് സംവരണം : നറുക്കെടുപ്പ് തീയതി വിജ്ഞാപനം ചെയ്തു

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും പട്ടിക ജാതികൾക്കും, പട്ടിക വർഗ ങ്ങൾക്കും, സ്ത്രീകൾക്കുമുള്ള സംവരണ മണ്ഡലങ്ങൾ ഒക്ടോബർ ഒന്നിന് രാവിലെ പത്ത് മണിക്ക് നറു ക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് അതാതു ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ ആവർത്തന ക്രമമനുസരിച്ച് ഏത് നിയോജകമണ്ഡലങ്ങൾക്കാണ് നൽകേണ്ടതെന്ന് അന്നേ ദിവസം അതാതു കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന നറുക്കെടുപ്പിൽ തീരുമാനിക്കുന്നതാണ്.

*(എസ്.ഇ.സി. 57/2015)*

## പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പുന:ക്രമീകരിക്കാൻ നിർദ്ദേശം നൽകി

സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികളിലും കണ്ണൂർ മുനിസിപ്പൽ കോർപ്പറേ ഷനിലും പുന:സംഘടിപ്പിക്കപ്പെട്ട കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ, തളിപ്പറമ്പ്, നീലേശ്വരം മുനിസിപ്പാലി റ്റികൾ, കാർത്തികപ്പള്ളി, പള്ളിപ്പാട്, ചിങ്ങോലി (ആലപ്പുഴ), തൃക്കടീരി, തെങ്കര(പാലക്കാട്), പടന്ന (കാസർഗോഡ്) ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിലും 2015-ലെ പുതിയ വാർഡു വിഭജനം അനുസരിച്ച് അന്തിമ വോട്ടർപട്ടിക പുന:ക്രമീകരിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. പുതിയതായി രൂപീകരിച്ചതോ പുന:സംഘടിപ്പിച്ചതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവയുടെ മാതൃസ്ഥാപനങ്ങൾ സെപ്റ്റംബർ ഏഴിന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാകും വോട്ടർപട്ടിക ക്രമീകരിച്ച് തയ്യാറാക്കുക. പുതിയതായി രൂപീകരിച്ച സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ/അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് ഇതിനുള്ള ചുമതല നൽകിയിട്ടുള്ളത്.

വോട്ടർപട്ടിക ക്രമീകരിക്കുന്നതിനുള്ള ഓൺലൈൻ സൗകര്യം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പുതിയതായി രൂപീകരിച്ചതും പുന:സംഘടിപ്പിച്ചതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ആ സ്ഥാപനത്തിലെ നിലവിലെ വാർഡുകളിലെ ഓരോ പോളിംഗ് സ്റ്റേഷനിലെയും വോട്ടർമാരെ പുതിയ വാർഡുവിഭജന ഉത്തരവിലെ അതിർത്തികൾ പ്രകാരം തിരഞ്ഞെടുത്ത് പുതിയ വാർഡുകളിലെ പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓൺലൈനിലൂടെ മാറ്റണം. അത്തരത്തിൽ നിലവിലെ എല്ലാ പോളിംഗ് സ്റ്റേഷനിലെയും വോട്ടർമാരെ പുതിയ വാർഡുകളിലേയ്ക്ക് മാറ്റിയ തിന് ശേഷം പുതിയ വാർഡുകളിലെ ക്രമീകരിച്ച വോട്ടർ പട്ടിക അന്തിമ പട്ടികയായി സെപ്റ്റംബർ 30-ന് പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശം നൽകി ഒക്ടോബർ ഒന്ന് മുതൽ അഞ്ച് വരെ വോട്ടർമാരെ ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള ഓൺലൈൻ സൗകര്യം വീണ്ടും ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 58/2015)*